**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 103** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീമതി.ഉമ തോമസ്** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുള്ള കരാർ പ്രകാരം നിർമ്മാണം പൂർത്തീകരിക്കേണ്ടത് എന്നായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുള്ള കരാർ പ്രകാരം 2015 ഡിസംബർ 5 ന് ആരംഭിച്ച തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് മുപ്പത്തിമൂന്ന് ശതമാനം ഡ്രെഡ്ജിംഗ് ജോലികൾ മാത്രമാണ് നാളിതുവരെ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളത് എന്നത് വസ്തുതയാണോ; എങ്കിൽ ഇക്കാര്യം ഗൗരവപൂർവം കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | വിഴിഞ്ഞം തുറമുഖത്തിന് ആകെ 7.1 ദശലക്ഷം ഘനമീറ്റർ ഡ്രഡ്ജിംഗ്, റിക്ലമേഷൻ പ്രവർത്തികളാണ് പൂർത്തീകരിക്കേണ്ടത്. ഇതിൽ 2.3 ദശലക്ഷം ഘനമീറ്റർ ഡ്രഡ്ജിംഗ്, റിക്ലമേഷൻ പ്രവർത്തികൾ പൂർത്തീകരിച്ചു. തുറമുഖത്തിന്റെ ഏറ്റവും പ്രധാന ഘടകങ്ങളിലൊന്നായ 3100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ച് തിരമാലകളിൽ നിന്നും സംരക്ഷണം തീർത്താൽ മാത്രമേ ഡ്രഡ്ജിംഗ്, റിക്ലമേഷൻ, ബർത്ത് നിർമ്മാണം മുതലായ പ്രവർത്തികൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. നിലവിലെ ഷെഡ്യൂൾ പ്രകാരം പുലിമുട്ട് നിർമ്മാണം ഏകദേശം 1800 മീറ്റർ നീളം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഡ്രഡ്ജിംഗ്, റിക്ലമേഷൻ പ്രവർത്തികൾ പുനരാരംഭിക്കുവാനുള്ള തയ്യാറെടുപ്പുകളാണ് നടന്നു വരുന്നത്. |
| (സി) | പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര മീറ്റർ പുലിമുട്ട് നിർമ്മിക്കേണ്ടതുണ്ട്; നിലവിൽ എത്ര മീറ്റർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്; പുലിമുട്ട് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | കൺസഷൻ കരാർ പ്രകാരം തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിൽ 3100 മീറ്റർ നീളമുള്ള പുലിമുട്ടാണ് നിർമ്മിക്കേണ്ടത്. നിലവിൽ പുലിമുട്ട് നിർമ്മാണത്തിൽ 1350 മീറ്റർ പൂർണമായും, 1350 മുതൽ 1840 മീറ്റർ വരെയുള്ള ഭാഗത്ത് ഭാഗികമായും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല് സമയ ബന്ധിതമായി ലഭ്യമാക്കുവാൻ കരാർ കമ്പനിക്ക് സാധിക്കാതെ വന്നതിലാണ് നിർമ്മാണം |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയാതെ വന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലായി പുതിയ ക്വാറികൾ തുടങ്ങി പാറ കണ്ടെത്തുവാനാണ് കരാർ കമ്പനി ശ്രമിക്കുന്നത്. |
| (ഡി) | പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായി വരുന്ന പാറയുടെ അളവ് കണക്കാക്കിയിട്ടുണ്ടോ; ആവശ്യമായ പാറ സംസ്ഥാനത്ത് ലഭ്യമല്ലാത്തതിനാലാണോ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തത്; എങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (ഡി) | പുലിമുട്ട് നിർമ്മാണത്തിനായി ഏകദേശം 68.70 ലക്ഷം ടൺ കരിങ്കല്ല് വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. കരാർ പ്രകാരം നിർമ്മാണ പ്രവർത്തികൾക്കുള്ള കരിങ്കല്ല് ഉൾപ്പെടെയുള്ള സാമഗ്രികൾ കണ്ടെത്തേണ്ടത് കരാർ കമ്പനിയുടെ ചുമതലയാണ്. എന്നാൽ, ആവശ്യമായ കരിങ്കല്ല് സംഭരിക്കുന്നതിന് കരാർ കമ്പനിക്ക് സാധിക്കാതെ വന്നു. ചെറുകിട ക്വാറികളിൽ നിന്നും, വിതരണക്കാരിൽ നിന്നും കരിങ്കല്ല് സംഭരിക്കാനുള്ള കരാർ കമ്പനിയുടെ ശ്രമം വിജയം കണ്ടില്ല. ഇതേ തുടർന്ന് സ്വന്തമായി ക്വാറികൾ ആരംഭിച്ചും മറ്റ് സംരംഭകരുമായി സഹകരിച്ചും പാറ കണ്ടെത്തുവാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. ഇതിനായി രണ്ട് ക്വാറികൾ അദാനി കമ്പനിക്കും, 50% പാറ വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിന് നൽകുമെന്ന വ്യവസ്ഥയിൽ 3 ക്വാറികൾ സ്വകാര്യ പങ്കാളികൾക്കും അനുവദിച്ചിട്ടുണ്ട്. കോവിഡ് മൂലമുണ്ടായ നിയന്ത്രണങ്ങൾ ഒഴിവാക്കിയ സാഹചര്യത്തിൽ 5 ക്വാറികൾക്കു കൂടി പാരിസ്ഥിതിക അനുമതി നൽകുന്നതിനുള്ള നടപടികളും പൂർത്തിയായിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നും പാറ ലഭിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കുന്നതിന് വേണ്ട ഇടപെടലുകളും നടത്തിയിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിയ്ക്കാവശ്യമായ പാറയുടെ ശേഖരം സംസ്ഥാനത്ത് ഉണ്ട്. എന്നാൽ, വലിപ്പം കൂടിയതും, പ്രത്യേകം തരം തിരിച്ചിട്ടുള്ളതുമായ കരിങ്കല്ലുകളാണ് പുലിമുട്ട്, കടൽ ഭിത്തി തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ളത്. ഇവയുടെ ഖനനം, കടത്ത്, നിക്ഷേപം എന്നിവക്ക് കാലതാമസം ഉണ്ടാകുന്നുണ്ട്. ഇതിനായി പ്രത്യേകം ക്വാറികൾ കണ്ടെത്തി പ്രവർത്തനക്ഷമമാക്കാനാണ് ശ്രമിക്കുന്നത്. കൂടാതെ, പദ്ധതിയ്ക്കായി തമിഴ്നാട്ടിലെ ക്വാറികളിൽ നിന്നും പാറ ലഭ്യമാക്കുന്നതിനും അവിടുത്തെ സർക്കാരിന്റെ സഹകരണവും തേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ